Date 24/06/2022
M.D.
CE(HRD&...)

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

**സർക്കുലർ**

നം.ഉപ.സി.3/141/2017/ഉഭപവ തിരുവനന്തപുരം, തീയതി: 17-06-2022

വിഷയം :- ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്- നിയമനാധികാരികൾ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ അറിയിക്കുന്നത് - കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്- സംബന്ധിച്ച്.

സൂചന :- 1) 20.12.2017 -ലെ ഉപസി3/141/2017/ഉഭപവ നമ്പർ സർക്കുലർ.
2) 17-01-2022 -ലെ ഉപസി3/141/2017/ഉഭപവ നമ്പർ സർക്കുലർ.
3) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 29-04-2022-ലെ RA 4 (2) 50001/18-KPSC നം. അർദ്ധ ഔദ്യോഗിക കത്ത്.

സൂചന (1) സർക്കുലർ പ്രകാരം എല്ലാ വകുപ്പ മേധാവികളും / നിയമനാധികാരികളും പി.എസ്.സി മുഖേന നികത്തേണ്ട ഒഴിവുകൾ 01-01-2018 മുതൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന മാത്രം പി.എസ്.സിയെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത സർക്കുലറിൽ ഒഴിവുകൾ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന റിപ്പോർട്ട് ചെയ്യേണ്ട രീതി സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2. എല്ലാ വകുപ്പുകളും/സ്ഥാപനങ്ങളും ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ ഒഴിവുകൾ അറിയിക്കുവാൻ സജ്ജരാകാത്ത സാഹചര്യത്തിൽ വിവിധ വകുപ്പ്/സ്ഥാപനങ്ങളിൽ നിന്നും കേരള പി.എസ്.സി യിലേക്ക് നിലവിലുള്ള രീതിയിൽ (തപാൽ/ ഇ മെയിൽ) ഒഴിവുകൾ സ്വീകരിക്കുന്ന തീയതി വിവിധ സർക്കുലറുകളിലൂടെ ദീർഘിപ്പിച്ചു നൽകിയിരുന്നു. സൂചന 2 സർക്കുലറിലൂടെ നിലവിൽ ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സജ്ജരാകാത്ത വകുപ്പുകൾ/സ്ഥാപനങ്ങൾ പഴയ രീതിയിൽ (തപാൽ/ ഇ മെയിൽ) മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന രീതി 30-04-2022 വരെ തുടരുവാനും, ടി തീയതിയ്ക്ക് മുമ്പായി ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ മാത്രം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടികൾ നിർബന്ധമായും പൂർത്തിയാക്കുവാനും എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു.

3. എന്നാൽ തുടർന്നും വിവിധ വകുപ്പുകൾ/ സ്ഥാപനങ്ങൾ പഴയ രീതിയിൽ (തപാൽ/ഇ-മെയിൽ) തന്നെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന പ്രവണത തുടർന്ന് വരുന്ന സാഹചര്യത്തിൽ, പഴയ രീതിയിൽ (തപാൽ/ഇ-മെയിൽ) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന രീതി 31-07-2022 വരെ തുടരാവുന്നതാണെന്നു പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത വിവരം എല്ലാ വകുപ്പമേധാവികളെയും /നിയമനാധികാരികളെയും അറിയിക്കണമെന്നും, ഒഴിവുകൾ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന മാത്രം റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പുകൾക്ക് /സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം കൂടി നൽകണമെന്നും അഭ്യർത്ഥിച്ചു കൊണ്ട് കേരള പി എസ് സി സെക്രട്ടറി സൂചന (3) പ്രകാരം അർദ്ധ ഔദ്യോഗിക കത്ത് ലഭ്യമാക്കിയിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ ഒരു ഏകീകൃത സംവിധാനത്തിലൂടെ കൃത്യമായി പി എസ് സി യ്ക്ക്

റിപ്പോർട്ട് ചെയ്യുന്നതിലേക്കാണ് ഇ-വേക്കൻസി സോഫ്റ്റ്വെയർ സംവിധാനത്തിലൂടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകിയിരുന്നത്. **എന്നാൽ നിരവധി തവണ സർക്കാർ തലത്തിൽ നിർദ്ദേശം നൽകിയിട്ടും ഒഴിവുകൾ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന റിപ്പോർട്ട് ചെയ്യുന്നതിൽ വീണ്ടും ചില വകുപ്പുകളുടെ/ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും അതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന പ്രവണത സർക്കാർ വളരെ ഗൗരവതരമായി കാണുന്നു.**

5. മേൽ സാഹചര്യത്തിൽ, **പി.എസ്.സി. യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ മാത്രം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ ഇതുവരെ സജ്ജരാകാത്ത വകുപ്പുകൾ / സ്ഥാപനങ്ങൾ നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന രീതി (തപാൽ/ ഇ മെയിൽ) 31-07-2022 തീയതി വരെ തുടരുവാനും, ഇ-വേക്കൻസി സോഫ്റ്റ്വെയർ സംവിധാനം വഴി ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നവർ അതിലൂടെ മാത്രം റിപ്പോർട്ട് ചെയ്യുവാനും എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും നിർദ്ദേശം നൽകുന്നു.**

**6. നിലവിൽ തപാൽ/ ഇ മെയിൽ മുഖേന ഒഴിവുകൾ പി.എസ് .സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്ന വകുപ്പുകൾ/സ്ഥാപനങ്ങൾ, അടിയന്തരമായി പി.എസ്.സി.യുടെ ഇ-വേക്കൻസി സോഫ്റ്റ്വെയർ സംവിധാനത്തിലൂടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടിക്രമങ്ങൾ പൂർത്തിയാക്കുവാനും എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും നിർദ്ദേശം നൽകുന്നു.**

**7. മേൽ നിർദ്ദേശത്തിന്മേൽ വകുപ്പുകളും/സ്ഥാപനങ്ങളും സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് 30-06-2022 നകം ഈ വകുപ്പിന്റെ ഇ-മെയിൽ (pardadvicec@gmail.com) മുഖേന ലഭ്യമാക്കേണ്ടതാണ്.**

**Dr.ആശ തോമസ് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും ( കീഴിൽ വരുന്ന പി.എസ്.സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ
വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി)
എല്ലാ വകുപ്പ മേധാവികൾക്കും / നിയമനാധികാരികൾക്കും ജില്ലാ കളക്ടർമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ്ജനറൽ,കേരളം,എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള
സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്
*(വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.pard.kerala.gov.in -ൽ* ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ